(ഡി) ആലത്തൂർ മണ്ഡലത്തിൽ പുതിയ അംഗൻവാടി ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഐ.സി.ഡി.എസ്. മാനദണ്ഡമനുസരിച്ച് സാധാരണഗതിയിൽ ഒരു അംഗൻവാടി അനുവദിക്കുന്നതിന് അർബൻ/റൂറൽ പ്രദേശങ്ങളിൽ ആയിരം ജനസംഖ്യയും ട്രൈബൽ പ്രദേശങ്ങളിൽ എഴുന്നൂറ് ജനസംഖ്യയും ഉണ്ടായിരിക്കണം എന്നാണ് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം. എന്നാൽ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പരിഗണിച്ച് 300-നുമേൽ ജനസംഖ്യയുള്ള പ്രദേശങ്ങളിൽ അംഗൻവാടി കേന്ദ്രങ്ങൾ അനുവദിക്കുന്നതിനും, ചില പ്രത്യേക സാഹചര്യങ്ങളിൽ 150-300-നും ഇടയിൽ ജനസംഖ്യയുള്ള പ്രദേശങ്ങളിൽ മിനി അംഗൻവാടികൾ തുടങ്ങുന്നതിനും കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം ഉണ്ട്.

(ബി — ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

സ്വകാര്യ ഏജൻസികൾ വഴിയുള്ള ഹജ്ജ് തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ

44 [2816] ശ്രീ. കളത്തിൽ അബ്ദുള്ള :

,, സി. ടി. അഹമ്മദ് അലി :

,, സി. മമ്മൂട്ടി :

,, പി. കെ. അബ്ദുറബ്ബ് :

,, ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004-ൽ സ്വകാര്യ ഏജൻസികൾ വഴി ഹജ്ജ് തീർത്ഥാടനത്തിന് പോയ വിശ്വാസികൾക്ക് യാത്രാസൗകര്യവും താമസസൗകര്യവും ഭക്ഷണവും വേണ്ട വിധത്തിൽ ലഭിക്കാത്തതിനാൽ അനുഭവിക്കേണ്ടിവന്ന പ്രയാസങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭാവിയിൽ സ്വകാര്യ ഏജൻസികൾ മൂലം ഹജ്ജ് തീർത്ഥാടകർക്ക് വൈഷമ്യങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് എന്തെങ്കിലും നിയന്ത്രണങ്ങൾ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്വകാര്യ ഏജൻസികൾ മുഖേന ഹജ്ജിനു പോകുന്ന ഹാജിമാർക്ക് ബുദ്ധിമുട്ടുകൾ നേരിടുകയില്ലെന്ന് ഉറപ്പുവരുത്തുവാൻ വേണ്ടി കേന്ദ്ര ഹജ്ജ് കമ്മിറ്റി അംഗീകാരം നൽകിയ ഏജൻസികളെ (സ്വകാര്യ ഹജ്ജ് ഗ്രൂപ്പുകളെ) മാത്രമേ ഹാജിമാരെ കൊണ്ടുപോകാൻ അനുവദിക്കുന്നുള്ളൂ. ഏതെങ്കിലും ഏജൻസികളെക്കുറിച്ച് പരാതി ലഭിക്കുന്ന പക്ഷം അത്തരം ഏജൻസികൾക്ക് തുടർന്ന് അംഗീകാരം നൽകില്ലെന്ന് കേന്ദ്ര ഹജ്ജ് കമ്മിറ്റി വ്യക്തമാക്കിയിട്ടുണ്ട്.

പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ തുറപ്പിക്കുന്നതിനുള്ള ചർച്ച

45 [2817] ശ്രീ. ടി. പി. രാമകൃഷ്ണൻ :

,, കെ. രാധാകൃഷ്ണൻ :

,, കെ. വി. കുഞ്ഞിരാമൻ :

,, എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് തൊഴിൽ വകുപ്പ് പ്രത്യേക പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) തൊഴിൽ വകുപ്പ് ഇടപെട്ട് ചർച്ചകൾ നടത്തിയതിന്റെ ഫലമായി എത്ര വ്യവസായ സ്ഥാപനങ്ങൾ ഉടൻ തുറക്കുമെന്ന് ഉറപ്പാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഇപ്പോഴും അനുരഞ്ജന ചർച്ചകൾ നടത്തിവരുന്നത് എത്ര വ്യവസായ സ്ഥാപനങ്ങളുടെ കാര്യത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ഡി) അനുരഞ്ജന ചർച്ചകൾ നടത്തിയിട്ടും മാനേജുമെന്റിന്റെ പിടിവാശി മൂലം തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിയാതെപോയ വ്യവസായ സ്ഥാപനങ്ങളെത്ര; അവയിൽ പ്രമുഖമായവ ഏതെല്ലാം?

ഉത്തരം

(എ) പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് എന്റെ സാന്നിദ്ധ്യത്തിൽ ലേബർ കമ്മീഷണർ, തൊഴിൽ വകുപ്പിലെ മറ്റു ഉദ്യോഗസ്ഥർ എന്നിവർ ബന്ധപ്പെട്ടവരുമായി ചർച്ചകൾ നടത്തിവരുന്നു.

(ബി) മുഖത്തലയിലുള്ള ജയശ്രീ കാഷ്യൂ ഫാക്ടറി, വയനാട്ടിലുള്ള പതൂർ പ്ലാന്റേഷൻസ് (എൽസ്റ്റൺ എസ്റ്റേറ്റ്), ബാലാജി സ്പിന്നിംഗ് മിൽസ്, പാലക്കാട് എന്നീ സ്ഥാപനങ്ങൾ ഉടൻ തുറക്കുമെന്ന് ഉറപ്പാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly